**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3174.** 14.03.2018 ൽ മറുപടിക്ക്

ഒന്നാം ഗ്രേഡ് ലൈബ്രറികളിൽ ഫ്രീ വൈഫൈ സൗകര്യം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. ഇ. പി. ജയരാജൻ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | കേരളത്തിലെ ഒന്നാം ഗ്രേഡ് ലൈബ്രറികളിലെല്ലാം ഫ്രീ വൈഫൈ സൗകര്യം ലഭ്യമാക്കുമെന്ന ഗവൺമെന്റിന്റെ ആദ്യ ബജറ്റിലെ പ്രഖ്യാപനം നടപ്പിലാക്കുവാൻ വിവര സാങ്കേതിക വിദ്യാ വികസന വകുപ്പ് എത്ര തുകയാണ് നീക്കി വച്ചിരുന്നതെന്നു വ്യക്തമാക്കുമോ; | (എ) | തെരഞ്ഞെടുക്കപ്പെട്ട സർക്കാർ ഓഫീസുകൾ, ബസ് സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, പാർക്കുകൾ, ലൈബ്രറികൾ, മറ്റ് പൊതു കേന്ദ്രങ്ങൾ മുതലായവയിൽ ആയിരം വൈഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 50 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയ്ക്ക് വിവര സാങ്കേതിക വിദ്യാവകുപ്പ് പത്ത് കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | എത്ര തുക പദ്ധതി പ്രവർത്തനങ്ങൾക്കായി ഇതിനോടകം ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ; | (ബി) | പദ്ധതി നടത്തിപ്പ് ലഭിച്ചിട്ടുള്ള ബി.എസ്.എൻ.എൽ-ന്റെ ചുമതലയിൽ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിനാൽ തുകയൊന്നും അനുവദിച്ചു നൽകിയിട്ടില്ല. |
| (സി) | സംസ്ഥാനത്തെ എത്ര ഒന്നാം ഗ്രേഡ് ലൈബ്രറികളിൽ ഫ്രീ വൈഫൈ സൗകര്യം ഈ പദ്ധതിയിലൂടെ ഇതിനകം ലഭ്യമാക്കിക്കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതിയിൽ ഉൾപ്പെടുത്തി പത്തോളം ലൈബ്രറികളിൽ വൈഫൈ ഉപകരണങ്ങൾ സ്ഥാപിച്ചു കഴിഞ്ഞു. അവയുടെ പ്രവർത്തനക്ഷമത പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ